# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 39      28.11.2018-ൽ മറുപടി നൽകേണ്ടത്

### <u>വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ റാങ്ക് ലിസ്റ്റ്</u>

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ 267/14) നിയമനത്തിന്റെ അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ; | (എ) യും (ബി) യും (സി) യും | കേരള വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയ്ക്ക് ഒരു Addendum Short List പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ലിസ്റ്റിൽ ഉൾപ്പെട്ട 149 ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ കൂടി പൂർത്തിയാകാനുണ്ട്.<br><br>എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം പാലിച്ചുകൊണ്ട് കേരളത്തിലെ 66 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ നൂതന പാഠ്യപദ്ധതിയായ ദേശീയ തൊഴിൽ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (NSQF) നടപ്പ് അധ്യായന വർഷം മുതൽ തുടങ്ങുന്നതിന് 9.5.2018 ലെ സ.ഉ(കൈ) നം.56/2018/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതോടൊപ്പം അടുത്ത അധ്യായന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലും എൻ.എസ്.ക്യൂ.എഫ് പാഠ്യപദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളുടെ പുനർ വിന്യാസം ആവശ്യമായേക്കാവുന്നത് മുന്നിൽകണ്ടുകൊണ്ട് പുതിയ നിയമനശിപാർശ / നിയമനങ്ങൾ തൽക്കാലത്തേക്ക് നടത്തേണ്ടതില്ലെന്ന് 14.6.2018 ലെ SC3/155/2018/G.EDN നം.സർക്കാർ കത്ത് പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷനെയും, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറെയും അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായിട്ടുള്ള ഉദ്യോഗാർത്ഥികളുടെ കൂടിക്കാഴ്ച നടപടികൾ പൂർത്തീകരിച്ചത് എന്നാണ് എന്ന് അറിയിക്കുമോ; | | |
| (സി) | പ്രസ്തുത അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും ലിസ്റ്റിൽ നിന്നും നിയമനങ്ങൾ നടത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ